179 (2365) ആയുർവേദ ആശുപത്രികളിലെ മരുന്നുകളുടെ ദൗർലഭ്യം

ശ്രീ. കെ.ടി. കുഞ്ഞഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ആയുർവേദ ആശുപത്രി വിഭാഗങ്ങളിൽ അവശ്യംവേണ്ട മരുന്നുകൾക്ക് ദൗർലഭ്യം അനുഭവപ്പെടുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ കാരണം വ്യക്തമാക്കാമോ;

(സി) എത്രയുംപെട്ടെന്ന് ഇതിന് പരിഹാരം കാണാൻ നടപടി സ്വീകരിക്കുമോ;

(ഡി) ഇൻഡ്യൻ സിസ്റ്റംസ് ഓഫ് മെഡിസിൻ ഡിപ്പാർട്ടുമെന്റ് സ്ഥാപനങ്ങളിൽ സ്റ്റോക്കുള്ള ഔഷധങ്ങൾ ആഭ്യന്തര ആഡിറ്റ് വിഭാഗം മുഖേന പരിശോധന നടത്തുന്നത് എന്ത് യോഗ്യതയുള്ളവരാണ് എന്ന് വ്യക്തമാക്കാമോ;

(ഇ) അലോപ്പതി വകുപ്പിൽ നടപ്പിലാക്കിവരുന്ന രീതിയിൽ സ്റ്റോർ വെരിഫിക്കേഷൻ ഓഫീസർമാരായി ഈ ഓഡിറ്റ് വിഭാഗത്തിൽ പരിശീലനം ഉള്ള സീനിയർ മോസ്റ്റ് ഫാർമസിസ്റ്റുകളെ നിയമിക്കുമോ?

ഉത്തരം

(എ) ചില അവസരങ്ങളിൽ ദൗർലഭ്യം അനുഭവപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഔഷധങ്ങളുടെ വില വർദ്ധനവും ഔഷധങ്ങൾ വാങ്ങുന്നതിലേക്കായി അനുവദിക്കുന്ന ഫണ്ടിന്റെ അപര്യാപ്തതയുമാണ് കാരണം.

തൃപ്പൂണിത്തുറ ആയുർവേദ കോളേജിൽ മരുന്ന് ഉണ്ടാക്കുന്നതിനുള്ള സാധനങ്ങൾ നൽകുന്നതിന് ഉചിതമായ ടെണ്ടറുകൾ ലഭ്യമാക്കാത്തതും ദൗർലഭ്യത്തിന് കാരണമായിട്ടുണ്ട്.

(സി) പരിശോധിക്കുന്നതാണ്.

(ഡി) ഈ വകുപ്പിലെ സ്ഥാപനങ്ങളിൽ ആഭ്യന്തര ആഡിറ്റ് വിഭാഗം പരിശോധനകൾ നടത്തുമ്പോൾ ഔഷധങ്ങളുടെ സ്റ്റോക്ക് തിട്ടപ്പെടുത്തുന്നത് സീനിയർ സൂപ്രണ്ടിന്റെ നേതൃത്വത്തിൽ ക്ലർക്കുമാരാണ്. സ്ഥാപനത്തിൽ വാങ്ങുന്ന ഔഷധങ്ങൾ എല്ലാംതന്നെ ഗവൺമെന്റ് സ്ഥാപനമായ ഔഷധി നേരിട്ട് വിതരണം ചെയ്യുന്നവയാണ്. സ്ഥാപന പരിശോധന നടത്തുന്നത് ഐ.എസ്.എം. വകുപ്പിലെ ഒരു സീനിയർ സൂപ്രണ്ടിന്റെ നേതൃത്വത്തിലാണ്. നാട്ടു ചികിത്സാ വകുപ്പിൽ ഔഷധ സ്റ്റോക്ക് പരിശോധനയിൽ സഹായിക്കുവാൻ പരിചയസമ്പന്നരായ മെഡിക്കൽ ഓഫീസർമാരുടെയും ഫാർമസിസ്റ്റിന്റെയും സേവനം ഉപയോഗപ്പെടുത്തുന്നു.

(ഇ) നിലവിൽ അത്തരമൊരു നിർദ്ദേശം ഇല്ല.

180 (2366) ആയുർവേദ ഡിസ്പെൻസറി തുടങ്ങണമെന്ന ആവശ്യം

പ്രൊഫ. മീനാക്ഷി തമ്പാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) കൊടുങ്ങല്ലൂർ പെരിങ്ങനം പഞ്ചായത്തിൽ ഒരു ആയുർവേദ ഡിസ്പെൻസറി തുടങ്ങണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഡിസ്പെൻസറി അനുവദിക്കാനുള്ള നടപടി എടുക്കുമോ?

ഉത്തരം

(എ)&(ബി) ഈ സാമ്പത്തിക വർഷം 100 ആയുർവേദ ഡിസ്പെൻസറികൾ ആരംഭിക്കുന്നതിനാൽ ഉദ്ദേശിക്കുന്നത്. ഇക്കാര്യത്തിൽ സ്ഥലനിർണ്ണയം നടത്തിയിട്ടില്ല.

181 (2367) ഹോമിയോ ആശുപത്രികൾ ആരംഭിക്കാൻ നടപടി

ശ്രീ. എം.വി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1999-2000 വർഷത്തെ പ്ലാനിൽ ഉൾപ്പെടുത്തി 50 ഹോമിയോ ഡിസ്പെൻസറികൾ ആരംഭിക്കാനുള്ള നടപടികളുടെ പുരോഗതി വിശദീകരിക്കുമോ;

(ബി) നിർദ്ദിഷ്ട ഹോമിയോ ഡിസ്പെൻസറികളിലേക്ക് ഡോക്ടർ തസ്തികയിലെ പി.എസ്.സി. റാങ്ക്ലിസ്റ്റിൽനിന്നും കാലാവധി പൂർത്തിയാകുന്നതിനുമുമ്പ് നിയമനം നടത്താനുള്ള നടപടി സ്വീകരിക്കുമോ;

(സി) ഇത് സംബന്ധിച്ച് സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ?

ഉത്തരം

(എ)-(സി) ഈ സാമ്പത്തികവർഷം 50 പുതിയ ഹോമിയോ ഡിസ്പെൻസറികൾ പുതുതായി തുടങ്ങാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ഇതിനായുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. അവ പൂർത്തിയാകുന്ന മുറയ്ക്ക് നിയമനം നടത്തുന്നതിന് നടപടികൾ കൈക്കൊള്ളുന്നുണ്ട്.

182 (2368) വർക്കലയിൽ ഹോമിയോ ആയുർവേദ ഡിസ്പെൻസറികൾ

ശ്രീ. എ. അലി ഹസ്സൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഈ വർഷം എത്ര ആയുർവേദ ഡിസ്പെൻസറികളും എത്ര ഹോമിയോ ഡിസ്പെൻസറികളും ആരംഭിക്കുമെന്ന് വ്യക്തമാക്കാമോ;

(ബി) വർക്കല നിയോജകമണ്ഡലത്തിലെ ചെറുന്നിയൂർ, ഒറ്റൂർ എന്നീ പഞ്ചായത്തുകളിൽ ഓരോ ഹോമിയോ ആയുർവേദ ഡിസ്പെൻസറികൾ ആരംഭിക്കാൻ ഉത്തരവ് നൽകുമോ;

(സി) വർക്കലയിലെ തിരുവനന്തപുരം ജില്ലാ ആയുർവേദ ആശുപത്രിയുടേയും പ്രകൃതി ചികിത്സാ കേന്ദ്രത്തിന്റേയും വികസനത്തിനുവേണ്ടി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly